# Malayala Manorama

# 29 August 2018

# Thiruvananthapuram, After Flood, Cleaning, Rehabilitation



## പുനരധിവാസവും ശുചീകരണവും പൊലീസ് തുടരണം: പിണറായി

തിരുവനന്തപുരം● പുനരധിവാസത്തിലും ശുചീകരണത്തിലും പൊലീസിന്റെ പ്രവർത്തനം തുടരണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനായി പൊലീസ് സംവിധാനമാകെ സജ്ജമാക്കണം. പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ചു പൊലീസ് ആസ്ഥാനത്തു ജില്ലാ പൊലീസ് സൂപ്രണ്ട് മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെയുള്ളവരുമായി നടത്തിയ വിഡിയോ കോൺഫറൻസിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദുരിതാശ്വാസത്തിന് അനധികൃതമായി ഫണ്ട് പിരിക്കുന്നതു കർശനമായി തടയണം. സ്കൂളുകൾ തുറക്കുന്നതു സുഗമമാക്കാൻ നടപടി സ്വീകരിക്കാനും നിർദേശം നൽകി.

പ്രളയത്തിൽ അടിഞ്ഞുകൂടിയ പാഴ്‌വസ്തുക്കൾ ജലാശയങ്ങളിലേക്കു വലിച്ചെറിയുന്നതു കർശനമായി തടയണമെന്നു ചീഫ് സെക്രട്ടറി ടോം ജോസ് നിർദേശിച്ചു. ആഭ്യന്തര അഡീ. ചീഫ് സെക്രട്ടറി സുബ്രതോ ബിശ്വാസ്, ഡിജിപി: ലോക്നാഥ് ബെഹ്റ എന്നിവരും പങ്കെടുത്തു.

## രക്ഷാദൗത്യം നടത്തിയ മത്സ്യത്തൊഴിലാളികളെ ഇന്ന് ആദരിക്കും

തിരുവനന്തപുരം● പ്രളയരക്ഷാദൗത്യം നടത്തിയ മത്സ്യത്തൊഴിലാളികൾക്കു സംസ്ഥാനത്തിന്റെ ആദരം ഇന്ന്. വൈകിട്ട് നാലിനു നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

പ്രശസ്തിപത്രവും സമ്മാനിക്കും. മന്ത്രി ഇ.ചന്ദ്രശേഖരൻ അധ്യക്ഷത വഹിക്കും. 2800 മത്സ്യത്തൊഴിലാളികൾ ചേർന്ന് 65,000 പേരെയാണു രക്ഷപ്പെടുത്തിയത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽനിന്നുള്ള യാനങ്ങളാണു ദൗത്യത്തിൽ പങ്കെടുത്തത്.

## മന്ത്രിസഭാ യോഗം നാളെ

തിരുവനന്തപുരം● മന്ത്രിസഭായോഗം നാളെ അഞ്ചിനു ചേരും. പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ മേൽനോട്ടവുമായി മന്ത്രിമാരിൽ ഭൂരിപക്ഷവും വിവിധ ജില്ലകളിലാണ്. ഇവരെല്ലാം ഇന്നു വൈകിട്ടോടെയേ തലസ്ഥാനത്തു തിരികെയെത്തൂ.